©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2025 നവംബർ 14<br>14th November 2025<br>1201 തുലാം 28<br>28th Thulam 1201<br>1947 കാർത്തികം 23<br>23rd Karthika 1947 | നമ്പർ<br>No. | 4029 |


### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:76/2025/സം.തി.ക തീയതി, തിരുവനന്തപുരം, 2025 നവംബർ 14.

കേരള സർക്കാർ 2025 നവംബർ 14-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ജി.ഒ.(പി)64/2025/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനപ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ഏഴ് ജില്ലകളിൽ 2025 ഡിസംബർ 09-ാം തീയതിയും (ചൊവ്വ) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിൽ 2025 ഡിസംബർ 11-ാം തീയതിയും (വ്യാഴം) മട്ടന്നൂർ മുനിസിപ്പൽ കൗൺസിൽ ഒഴികെയുള്ള, സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ കൗൺസിലുകളോടും മുനിസിപ്പൽ കോർപ്പറേഷനുകളോടും കൗൺസിലർമാരെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതിനാലും,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20-ാം ആക്ട്) 105-ാം വകുപ്പനുസരിച്ച് സംസ്ഥാനത്തെ, മട്ടന്നൂർ ഒഴികെയുള്ള, എല്ലാ മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും, പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് ;

(എ) 2025 നവംബർ 21 (വെള്ളി) നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും;

(ബി) 2025 നവംബർ 22 (ശനി) നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള തീയതിയായും;

(സി) 2025 നവംബർ 24 (തിങ്കൾ) സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ഏഴ് ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ 2025 ഡിസംബർ 09-ാം തീയതി ചൊവ്വാഴ്ചയും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ 2025 ഡിസംബർ 11-ാം തീയതി വ്യാഴാഴ്ചയും ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും;

(ഇ) 2025 ഡിസംബർ 18 (വ്യാഴം) തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട അവസാന തീയതിയായും;

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**എ.ഷാജഹാൻ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.14 01:31:22 +05:30